30 (471) ഏരിയ ഇന്റൻസീവ് പ്രോഗ്രാം

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം കേന്ദ്ര വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഇക്കൊല്ലം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇക്കൊല്ലം എത്ര സ്കൂളുകൾ അനുവദിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപേക്ഷ ക്ഷണിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് പെൺകുട്ടികൾക്കായുള്ള റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനം കേന്ദ്ര സർക്കാരാണ് കൈക്കൊള്ളുന്നത്. ആയതിനാൽ എത്ര സ്കൂളുകൾ അനുവദിക്കുമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.

31 (472) മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതി പ്രകാരം കേന്ദ്രത്തിൽനിന്നുള്ള ആദ്യവിഹിതം എന്നാണ് ലഭിച്ചത്;

(ബി) രണ്ടാം ഗഡു ഇതിനകം ലഭ്യമായിട്ടുണ്ടോ;

(സി) പദ്ധതി വിഹിതത്തിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാനുള്ള പ്രൊപ്പോസൽ ഇതിനകം തയ്യാറാക്കി കേന്ദ്രത്തിന് അയച്ചുകൊടുത്തുവോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) കേന്ദ്രത്തിന് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ ഒരു പ്രതി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ കേന്ദ്ര സർക്കാരിൽനിന്നും ഗഡുക്കളായല്ല ഗ്രാന്റ് ലഭിക്കുന്നത്. 1996-ൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ് അർഹതപ്പെട്ട മദ്രസകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly